തൊണ്ടും ചകിരിയും അന്യസംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നതായ പരാതി

* 314. ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, വി. ജെ. തങ്കപ്പൻ :
,, ടി. കെ. ആറുമുഖൻ :
,, പി. സി. തോമസ് : (കടുത്തുരുത്തി)
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊണ്ടിന്റേയും ചകിരിയുടേയും മൂവ്മെന്റ് കൺട്രോൾ പിൻവലിച്ചതുമൂലം തൊണ്ടും ചകിരിയും അന്യസംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന് പരിഹാരം കാണുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(സി) തൊണ്ടിന്റേയും ചകിരിയുടേയും ദൗർലഭ്യം കാരണം സംസ്ഥാനത്തെ പല കയർ സഹകരണ സംഘങ്ങളും തകർച്ചയെ നേരിടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) 1973-ലെ തൊണ്ടു നിയന്ത്രണ ഉത്തരവ് പിൻവലിച്ചിട്ടില്ല. തൊണ്ടിന്റെ മൂവ്മെന്റ് കൺട്രോളും പിൻവലിച്ചിട്ടില്ല. തൊണ്ട് സംസ്ഥാനത്തിനു പുറത്തേയ്ക്ക് കൊണ്ടുപോകാൻ പെർമിറ്റ് കൊടുക്കാറില്ല. തൊണ്ടും ചകിരിയും ചെറിയ അളവിൽ തമിഴ്നാട്ടിലേക്ക് കടത്തിക്കൊണ്ടു പോകുന്നതായി അറിവു ലഭിച്ചിട്ടുണ്ട്.

(ബി) തൊണ്ട് കടത്തി കൊണ്ടു പോകുന്നത് തമിഴ്നാട്ടിലേയ്ക്കായാൽ അത് തടയാൻവേണ്ടി നെയ്യാറ്റിൻകര താലൂക്കിൽ 5 ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഉണ്ട്. തൊണ്ടിന്റേയും ചകിരിയുടേയും ദൗർലഭ്യം മൂലം 1983-84-ൽ തെക്കൻ മേഖലയിലുള്ള കയർ സംഘങ്ങൾക്ക് ചില ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. അത് പരിഹരിക്കുവാൻവേണ്ടി കേരള സംസ്ഥാന കോ-ഓപ്പറേറീവ് മാർക്കറ്റിംഗ് ഫെഡറേഷൻ മുഖാന്തിരം മലബാർ ഭാഗത്തുനിന്ന് ചകിരി സംഭരിച്ച് തെക്കൻമേഖലയിലെ സംഘങ്ങൾക്ക് നൽകാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : മൂവ്മെന്റ് കൺട്രോൾ ആർഡർ പിൻവലിച്ചിട്ടില്ലെന്ന് പറഞ്ഞതിനുശേഷവും ചകിരി സംസ്ഥാനത്തിന് പുറത്തേക്ക് ധാരാളമായി കൊണ്ടുപോകുന്നുണ്ടെന്നാണ്, ഗവർമ്മെന്റ് പറഞ്ഞത്. സംഘങ്ങൾക്ക് ഇത് കിട്ടുന്നുമില്ല. ഇതിന്റെയടിസ്ഥാനത്തിൽ ഈ നിയമം കൂടുതൽ കർശനമായി നടപ്പാക്കുന്നതിനും തൊണ്ട് പൊതു ഏജൻസിയെക്കൊണ്ടു സംഭരിക്കുന്നതിനും ആവശ്യമായ നടപടിസ്വീകരിക്കുമോ ? ആ രീതിയിൽ സംഘങ്ങളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : തൊണ്ട് അധികം കടത്തികൊണ്ടു പോകുന്നു എന്ന് പറഞ്ഞിട്ടില്ല. ചെറിയ തോതിൽ കടത്തികൊണ്ടുപോകുന്നുണ്ട്. പക്ഷെ അത് തടയുന്നതിനുള്ള നടപടിയും എടുത്തിട്ടുണ്ട്. ഈ വർഷത്തെ തൊണ്ട് സംഭരണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ആശാവഹമാണ്. മാത്രമല്ല ഇതൊരു പൊതു ഏജൻസിയെകൊണ്ട് സംഭരിക്കുകയെന്നുള്ളത് പ്രായോഗികമായ നിർദ്ദേശമല്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : തൊണ്ട് കൂടുതലായി അന്യസംസ്ഥാനങ്ങളിലേക്ക് കടത്തികൊണ്ടുപോകുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷെ സംഘങ്ങൾക്ക് കിട്ടുന്ന തൊണ്ട് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കുറവാണ്. ജോലിദിവസവും കുറവാണ്. അത് നിയമസഭയിൽ തന്നെ സമ്മതിച്ചതാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഫലപ്രദമായ എന്ത് നിർദ്ദേശമാണ് ഗവർമ്മെൻറിനുള്ളതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഇപ്പോഴുള്ള നിയന്ത്രണങ്ങളുടെ വെളിച്ചത്തിൽ തന്നെ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഈ വർഷം തൊണ്ടുസംഭരണം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി 1984-85 സഹകരണവർഷത്തിൽ നമുക്ക് തൊണ്ട് സംഭരിക്കാൻ കഴിഞ്ഞത് 1,32,000 തൊണ്ടിൻെറ ചകിരി ഉല്പാദനമാണ്. 1983 84-ൽ 11.39 കോടിയായിരുന്നു. 1982-83-ൽ 17.86 കോടിയായിരുന്നു. എന്നാൽ 1934-85-ൽ 18.49 കോടി ആയിരുന്നു. ഇതിൽനിന്നും തൊണ്ടുസംഭരണം, ഈ നിയന്ത്രണങ്ങളെല്ലാം നടത്തിയതിൻെറ ഫലമായി മറ്റ് സ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് തടഞ്ഞതിൻെറ ഫലമായി ഈ പ്രാവശ്യം വളരെ മെച്ചപ്പെട്ടിട്ടുണ്ടെന്ന് ബോദ്ധ്യമാകും.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### താലൂക്ക് വിഭജനം

* 315. (374) ശ്രീ. കെ. പുരുഷോത്തമൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, എം. വി. രാഘവൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ജില്ലാ രൂപീകരണത്തെ തുടർന്ന് താലൂക്ക് വിഭജനം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കാസർകോട് ജില്ലയിൽ ഇപ്പോൾ എത്ര താലൂക്കുകളാണ് നിലവിലുള്ളത് ;

(സി) അവയുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്നത്തേക്ക് വർദ്ധിപ്പിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ?



LIBRARY ARCHIVES Kerala Legislative Assembly